(സി) പട്ടികവർഗ്ഗ വികസന വകുപ്പിൽ കുമിളി ട്രൈബൽ കോളനി റോഡ് നിർമ്മാണത്തിനും ടാറിംഗിനുമായി നടപ്പുവർഷം കോർപ്പസ് ഫണ്ടിൽപ്പെടുത്തി 14.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി അഴുത ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുമിളി ട്രൈബൽ സെറ്റിൽമെന്ററിൽ ഭവന നിർമ്മാണം, വീടുകളുടെ അറ്റകുറ്റ പണികൾക്ക് ധനസഹായം, കുടിവെള്ളപദ്ധതി എന്നിവയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി വികസനവകുപ്പ്, പീരുമേട് താലൂക്കിലെ പട്ടികജാതിക്കാർക്ക് മാത്രമായി പ്രത്യേകം പദ്ധതികളൊന്നും പുതുതായി ആവിഷ്കരിച്ചിട്ടില്ല. സംസ്ഥാനതലത്തിൽ നടപ്പാക്കുന്ന എല്ലാ പദ്ധതികളും പീരുമേട് താലൂക്കിന് ബാധകമാക്കുന്നുണ്ട്.

പട്ടികജാതി–പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതി

130. [130] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജനസാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പട്ടികജാതി–പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ ധനസഹായപദ്ധതിയുടെ സഹായത്തിനായി ഇതിനകം അപേക്ഷിച്ച എത്ര പേർക്ക് ഇനിയും സഹായം ലഭ്യമാക്കേണ്ടതായിട്ടുണ്ട്;

(ബി) ഇതിനായി തന്നാണ്ടിൽ എത്രതുക ചെലവഴിക്കാൻ ബാക്കി നിൽപ്പുണ്ട്;

(സി) ധനസഹായ വിതരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതിപ്രകാരം ധനസഹായത്തിനർഹരായ എല്ലാവർക്കും ഈ വർഷം തന്നെ സഹായം ലഭ്യമാക്കാൻ കഴിയുമോ;

(ഇ) പണി ആരംഭിച്ച എത്രവീടുകൾക്ക് പണിപൂർത്തിയാക്കാൻ ഇനിയും പണം തൽകാനായി ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) മുൻ വർഷങ്ങളിൽ അനുവദിച്ചതും എന്നാൽ പൂർത്തിയാകാത്തതുമായ വീടുകൾ പൂർത്തിയാക്കുന്നതിനായി നടപ്പുവർഷം പട്ടികജാതി വികസനവകുപ്പ് 9 കോടി രൂപയും പട്ടികവർഗ്ഗ വികസനവകുപ്പ് ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ പട്ടികജാതി വികസന വകുപ്പിൽ 44.39 ലക്ഷം രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. പട്ടികജാതി വികസനവകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചില ക്രമക്കേടുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) അർഹരായ എല്ലാവർക്കും ഈ വർഷംതന്നെ ധനസഹായം ലഭ്യമാക്കാൻ കഴിയുകയില്ല.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മണ്ണന്തലയിൽ സ്ഥാപിക്കുന്ന അംബേദ്കർ ഭവന് അനുവദിച്ചിട്ടുള്ളസ്ഥലം

131. [131] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചുട്ടിക സമുദായ ക്ഷേമവും തുറമുഖ സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേണ്ണലടനാ ശില്പി ഡോ. ബി. ആർ. അംബേദ്കറുടെ സ്മാരകമായി മണ്ണന്തലയിൽ സ്ഥാപിക്കുന്ന അംബേദ്കർ ഭവന് എത്ര സെന്റ് സ്ഥലമാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഭവനനിർമ്മാണത്തിന് എത്ര തുക മാറ്റിവച്ചിട്ടുണ്ട്;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) അംബേദ്കർ ഭവൻ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 10 ഏക്കർ സ്ഥലം.

(ബി) ഭവനനിർമ്മാണത്തിന് 2004-2005 വർഷത്തിൽ 495 ലക്ഷം രൂപയും 2005-06-ൽ 425 ലക്ഷം രൂപയും മാറ്റിവച്ചിട്ടുണ്ട്. ഇതിൽ 495 ലക്ഷം രൂപ പി. ഡബ്ല്യു.ഡി.-ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

(സി) ടി സ്ഥലത്ത് ചുറ്റുമതിൽ കെട്ടുന്നതിനുള്ള 75% പണിപൂർത്തിയാക്കി പ്രധാന കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പണി 30% പൂർത്തിയായി.

(ഡി) അംബേദ്കർ ഭവൻ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് ആർട്ട് ഗ്യാലറി, ലളിത് മ്യൂസിയം, സിവിൽ സർവ്വീസസ് അക്കാഡമി എന്നിവയാണ്.

LIBRARY ARCHIVES Kerala Legislative Assembly